## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.222** **03.02.2020 - ൽ മറുപടിയ്ക്ക്**

## അവയവ ദാനം സംബന്ധിച്ച ബോധവൽക്കരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ്:<br>ശ്രീ.കെ.ഡി.പ്രസേനൻ:<br>ശ്രീ.യു.ആർ.പ്രദീപ് :<br>ശ്രീ.കെ. കുഞ്ഞിരാമൻ : | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) | മരണാനന്തര അവയവദാനത്തിൽ ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന പൊതുജനങ്ങൾക്കിടയിലുള്ള ആശങ്ക പരിഹരിക്കുന്നതിനായി മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് അന്താരാഷ്ട്രതലത്തിൽ നിലനിൽക്കുന്ന മാനദണ്ഡങ്ങളും നിബന്ധനകളും പാലിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) | 1994 ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ് പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിലെ എല്ലാ നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടാണ് സംസ്ഥാനത്ത് 2012 മുതൽ മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി നടപ്പിലാക്കി വരുന്നത്. മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് ആശുപത്രികൾ പാലിക്കേണ്ട മാർഗ്ഗരേഖകൾ 04.02.2012 ലെ സ.ഉ(കൈ) നം.37/2012/ആകുവ, സ.ഉ(കൈ)നം.36/2012/ആകുവ, 01.02.2017 ലെ സ.ഉ (കൈ) നം.16/2017/ ആകുവ, 03.04.2018 ലെ സ.ഉ (കൈ) നം. 53/2018/ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 19.01.2020 ലെ സ.ഉ(കൈ) നം.07/2020/ആകുവ പ്രകാരം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്. |
| (ബി) | അവയവ സ്വീകരണത്തിലൂടെ മാത്രം ജീവൻ നിലനിർത്താൻ കഴിയുന്ന നിരവധി രോഗികൾ ദീർഘകാലമായി അവയവങ്ങൾക്കായി കാത്തിരിക്കുന്ന സാഹചര്യമുള്ളതിനാൽ പൊതുജനങ്ങൾക്കിടയിൽ അവയവ ദാനം സംബന്ധിച്ച ബോധവൽക്കരണം കൂടുതൽ ഊർജ്ജിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മൃതസഞ്ജീവനി പദ്ധതി വഴി സംസ്ഥാനത്തുടനീളം ബോധവല്ക്കരണ ക്ലാസ്സുകളും ശിൽപ്പശാലകളും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാർക്ക് പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. അവയവദാനത്തിന് സന്നദ്ധരാകുന്നവർക്ക് ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ സാംസ്കാരിക മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്. നേത്രദാനത്തിന്റെ മഹത്വം പ്രചരിപ്പിക്കുന്നതിനായി 'സുനയനം' എന്ന |

| | | |
|---|---|---|
| | | ടെലി ഓഫ്ത്താൽമോളജി യൂണിറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. ജീവിച്ചിരിക്കുന്നവരുടെ അവയവദാനം, സ്വാപ്പ് ഡൊണേഷൻ, ലാഭേച്ഛ കൂടാതെ പരോപകാര തല്പരതയോടെയുള്ള അവയവദാനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 15.02.2018 ലെ സ.ഉ (കൈ) നം. 26/2018/ആ.ക.വ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അവയവദാനം സംബന്ധിച്ചും അവയുടെ നടപടിക്രമങ്ങൾ സംബന്ധിച്ചും തെറ്റായ പ്രചരണം നടത്തുന്നവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ? | (സി) അവയവദാനത്തേയും അവയുടെ നടപടിക്രമങ്ങളേയും സംബന്ധിച്ച് തെറ്റായ പ്രചരണം നടത്തുന്നവർക്കെതിരെ നിയമാനുസൃതമായ കർശന ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ